(സി) ഇപ്പോഴുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

മണ്ഡരി രോഗം

17 (*77) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരകൃഷിയെ ബാധിച്ച മണ്ഡരി രോഗം മൂലം നാളികേരത്തിന്റെ ഉൽപാദനത്തിലുണ്ടായ കുറവെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതുമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(സി) മണ്ഡരി രോഗം നിയന്ത്രിക്കുന്നതിന് ഇതുവരെ സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു ;

(ഡി) സംസ്ഥാനത്ത് മണ്ഡരി രോഗം പൂർണ്ണമായും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 17.94 കോടി രൂപ കൃഷി വകുപ്പും 8.31 കോടി രൂപ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളും ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട മരുന്നുതളി നടന്നു വരുന്നു.

(ഡി) രണ്ടും മൂന്നും ഘട്ട മരുന്നുതളി പൂർത്തിയാകുമ്പോൾ മണ്ഡരിബാധ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ്

18 (*78) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് സംസ്ഥാനത്തിന് നഷ്ടമാകുന്ന തുക എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പത്താം ധനകാര്യ കമ്മീഷന്റെ മൊത്ത വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണമെന്നായിരുന്നു ശുപാർശ ചെയ്തിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇത് പ്രകാരം സംസ്ഥാനത്തിന് എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ജനസംഖ്യാ നിയന്ത്രണ നടപടി ഫലപ്രദമായി സ്വീകരിച്ചിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് എന്തെങ്കിലും പരിഗണന 11-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തിന്റെ ഭൂ വിസ്തൃതി, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എന്തെങ്കിലും പരിഗണന 11-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) നികുതി വിഭജനത്തിന് സംസ്ഥാനം നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾക്കു വിരുദ്ധമായി കമ്മീഷൻ രൂപം കൊടുത്ത പുതിയ മാനദണ്ഡങ്ങൾക്കനുസരണമായി നികുതി വിഭജനം നടത്തിയപ്പോൾ സംസ്ഥാനത്തിന് ഭീമമായ നഷ്ടം ഉണ്ടായി.

(സി) കണക്കാക്കിയിട്ടുണ്ട്. 2000-2005 വർഷക്കാലയളവിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം 3664 കോടി രൂപയാണ്.

(ഡി) 29 ശതമാനം. (26+3)

(ഇ) 20,300.30 കോടി രൂപ

(എഫ്) പരിഗണനയൊന്നും ലഭിച്ചിട്ടില്ല.

(ജി) ഇല്ല.

ഡബ്ല്യൂ.റ്റി.ഒ. കരാർ

19 (*79) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യൂ.റ്റി.ഒ. യുമായുള്ള കൃഷിയെ സംബന്ധിക്കുന്ന കരാർ സംസ്ഥാനകാർഷികോൽപന്നങ്ങളെ എപ്രകാരമെല്ലാമാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly